# 1995-ലെ കേരള മുനിസിപ്പാലിററി (ഭേദഗതി) ആക്ട് (1995-ലെ 8-ാം ആക്ട്)

ഉള്ളടക്കം


| | | | പേജ് |
|---|---|---|---|
| പീഠിക | | .. | 93 |
| വകുപ്പുകൾ | | | |
| 1. | ചുരുക്കപ്പേരും പ്രാരംഭവും | .. | 93 |
| 2. | 13-ാം വകുപ്പിനുള്ള ഭേദഗതി | .. | 93 |
| 3. | 18-ാം വകുപ്പിനുള്ള ഭേദഗതി | .. | 94 |
| 4. | 38-ാം വകുപ്പിനുള്ള ഭേദഗതി | .. | 94 |
| 5. | 42-ാം വകുപ്പിനുള്ള ഭേദഗതി | .. | 94 |
| 6. | 43-ാം വകുപ്പിനുള്ള ഭേദഗതി | .. | 94 |
| 7. | 46-ാം വകുപ്പിനുള്ള ഭേദഗതി | .. | 94 |
| 8. | 49-ാം വകുപ്പിനുള്ള ഭേദഗതി | .. | 94 |
| 9. | 50-ാം വകുപ്പിനുള്ള ഭേദഗതി | .. | 95 |
| 10. | 53-ാം വകുപ്പിനുള്ള ഭേദഗതി | .. | 95 |
| 11. | 54-ാം വകുപ്പിനുള്ള ഭേദഗതി | .. | 95 |
| 12. | 65-ാം വകുപ്പിനുള്ള ഭേദഗതി | .. | 95 |
| 13. | 86-ാം വകുപ്പിനുള്ള ഭേദഗതി | .. | 95 |
| 14. | 90-ാം വകുപ്പിനുള്ള ഭേദഗതി | .. | 96 |
| 15. | 91-ാം വകുപ്പിനുള്ള ഭേദഗതി | .. | 96 |
| 16. | 107-ാം വകുപ്പിനുള്ള ഭേദഗതി | .. | 96 |
| 17. | 124-ാം വകുപ്പിനുള്ള ഭേദഗതി | .. | 96 |
| 18. | 156-ാം വകുപ്പിനുള്ള ഭേദഗതി | .. | 96 |
| 19. | 202-ാം വകുപ്പിനുള്ള ഭേദഗതി | .. | 96 |
| 20. | 208-ാം വകുപ്പിനുശേഷം പുതിയ വകുപ്പ് | .. | 97 |
| 21. | 215-ാം വകുപ്പിനുള്ള ഭേദഗതി | .. | 98 |
| 22. | 224-ാം വകുപ്പിനുപകരം പുതിയ വകുപ്പ് | .. | 98 |


LIBRARY ARCHIVES Kerala Legislative Assembly

| | | | |
|---|---|---|---|
| | | | പേജ് |
| 23. | 225-ാം വകുപ്പിനുള്ള ഭേദഗതി | .. | 98 |
| 24. | 233-ാം വകുപ്പിനുള്ള ഭേദഗതി | .. | 98 |
| 25. | 270-ാം വകുപ്പിനുള്ള ഭേദഗതി | .. | 99 |
| 26. | 286-ാം വകുപ്പിനുള്ള ഭേദഗതി | .. | 100 |
| 27. | 312-ാം വകുപ്പിനുള്ള ഭേദഗതി | .. | 100 |
| 28. | 340-ാം വകുപ്പിനുള്ള ഭേദഗതി | .. | 100 |
| 29. | 407-ാം വകുപ്പിനുള്ള ഭേദഗതി | .. | 100 |
| 30. | 410-ാം വകുപ്പിനുള്ള ഭേദഗതി | .. | 100 |
| 31. | 507-ാം വകുപ്പിനുള്ള ഭേദഗതി | .. | 101 |
| 32. | 538-ാം വകുപ്പിനുള്ള ഭേദഗതി | .. | 101 |
| 33. | ഒന്നാം പട്ടികയ്ക്കുള്ള ഭേദഗതി | .. | 101 |
| 34. | സാധുവൽക്കരണം | .. | 101 |
| 35. | റദ്ദാക്കലും ഒഴിവാക്കലും | .. | 101 |

LIBRARY ARCHIVES Kerala Legislative Assembly

# 1995-ലെ കേരള മുനിസിപ്പാലിററി (ഭേദഗതി) ആക്റ്റ്
# * (1995-ലെ 8-ാം ആക്റ്റ്)

## 1994-ലെ കേരള മുനിസിപ്പാലിററി ആക്റ്റ് ഭേദഗതി ചെയ്യുന്നതിനുള്ള

## ഒരു ആക്റ്റ്

പീഠിക.—1994-ലെ കേരള മുനിസിപ്പാലിററി ആക്റ്റ് (1994-ലെ 20) താഴെ കാണുന്ന ആവശ്യങ്ങൾക്കായി ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുന്നതിനാൽ;

ഇൻഡ്യൻ റിപ്പബ്ലിക്കിന്റെ നാൽപ്പത്തിയാറാം സംവൽസരത്തിൽ താഴെ പറയും പ്രകാരം നിയമമുണ്ടാക്കുന്നു.

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 1995-ലെ കേരള മുനിസിപ്പാലിററി (ഭേദഗതി) ആക്റ്റ് എന്ന് പേർ പറയാം.

(2) ഈ ആക്റ്റിലെ 12-ം 34-ം 35-ം വകുപ്പുകൾ 1994 ഒക്ടോബർ 1-ാം തീയതി പ്രാബല്യത്തിൽ വന്നതായി കണക്കാക്കേണ്ടതും മററു വകുപ്പുകൾ ഉടൻതന്നെ പ്രാബല്യത്തിൽ വരുന്നതുമാണ്.

2. 13-ാം വകുപ്പിനുള്ള ഭേദഗതി.—1994-ലെ കേരള മുനിസിപ്പാലിററി ആക്റ്റിന്റെ (1994-ലെ 20) (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക) 13-ാം വകുപ്പിനു പകരം താഴെ പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"13. മുനിസിപ്പാലിററികളിലെ ചെയർപേഴ്സണും ഡെപ്യൂട്ടി ചെയർപേഴ്സണും കൗൺസിലർമാർക്കുമുള്ള അലവൻസ്.—(1) നിർണ്ണയിക്കപ്പെടാവുന്ന നിരക്കിലുള്ള അലവൻസ് മുനിസിപ്പാലിററിയിലെ ചെയർപേഴ്സണും ഡെപ്യൂട്ടി ചെയർപേഴ്സണും മററു കൗൺസിലർമാർക്കും നൽകേണ്ടതാണ്.

(2) ഒരു മുൻസിപ്പാലിററിയിലെ ചെയർപേഴ്സണും ഡെപ്യൂട്ടി ചെയർപേഴ്സണും പൊതുകാര്യത്തിനായി യാത്ര ചെയ്യുമ്പോൾ നിർണ്ണയിക്കപ്പെട്ട നിരക്കിലുള്ള യാത്രപ്പടിക്കും ദിനബത്തയ്ക്കും അർഹതയുണ്ടായിരിക്കുന്നതാണ്".

* ഗവർണ്ണറുടെ അനുമതി 1995 ആഗസ്റ്റ് മാസം 5-ാം തീയതി ലഭിക്കുകയും 1995 ആഗസ്റ്റ് മാസം 5-ാം തീയതി 788-ാം നമ്പർ അസാധാരണ ഗസററായി പ്രസിദ്ധപ്പെടുത്തുകയും ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly

3. 18-ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്ററിന്റെ 18-ാം വകുപ്പിൽ,—

(എ) (3)-ാം ഉപവകുപ്പിൽ "സ്ററാൻഡിംഗ് കമ്മിററികളുടെ ചെയർമാൻമാർ ചെയർ പേഴ്സന്റെ ചുമതലകൾ വഹിക്കേണ്ടതാണ്''' എന്ന വാക്കുകൾക്കുപകരം "സ്ററാൻഡിംഗ് കമ്മിററികളുടെ ചെയർമാൻ മാർക്ക്, രേഖാമൂലമായ ഉത്തരവിനാൽ, ചെയർപേഴ്സൻ തന്റെ ചുമതലകൾ ഏല്പിച്ചു കൊടുക്കേണ്ടതാണ്''' എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(ബി) (5)-ാം ഉപവകുപ്പിൽ.—

(*i*) "ഏൽപ്പിച്ചുകൊടുക്കുന്നതിന്''' എന്ന വാക്കിനുപകരം "ചെയർ പേഴ്സന്റെ ചുമതലകൾ ഏല്പിച്ചുകൊടുക്കുന്നതിന്''' എന്ന വാക്കുകളും,

(*ii*) "യാതൊരു കൗൺസിലറുടെ പേരിലും'' എന്ന വാക്കുകൾക്കു പകരം "മററു ഏതൊരു സ്ററാൻഡിംഗ് കമ്മിററി ചെയർമാനും അങ്ങനെ'' എന്ന വാക്കുകളും,

ചേർക്കേണ്ടതാണ്.

4. 38-ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്ററിന്റെ 38-ാം വകുപ്പിൽ (1)-ാം ഉപവകുപ്പിൽ "അവർ രണ്ടുപേരുടെയും അഭാവത്തിൽ'' എന്ന വാക്കുകൾക്കുപകരം "20-ാം വകുപ്പ് (1)-ാം ഉപവകുപ്പിൽ പറയുന്ന ക്രമത്തിൽ സ്ററാൻഡിംഗ് കമ്മിററികളുടെ ചെയർമാൻമാരോ അവരുടെ അഭാവത്തിൽ'' എന്ന വാക്കുകളും അക്കങ്ങളും ബ്രാക്കററും ചേർക്കേണ്ടതാണ്.

5. 42-ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്ററിന്റെ 42-ാം വകുപ്പിൽ "മൂന്നു ലക്ഷമോ അതിലധികമോ ജനസംഖ്യയുള്ള'' എന്ന വാക്കുകൾ വിട്ടുകളയേണ്ടതാണ്.

6. 43-ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്ററിന്റെ 43-ാം വകുപ്പിൽ (ബി) ഖണ്ഡത്തിൽ "ഓരോ ആറ് വീതം'' എന്ന വാക്കുകൾക്ക് പകരം "അൻപതിൽ കൂടാത്ത ആളുകൾ'' എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

7. 46-ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്ററിന്റെ 46-ാം വകുപ്പിൽ (1)-ാം ഉപവകുപ്പിനു പകരം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(1) ഒരു വാർഡ് കമ്മിററിയുടെ ചെയർമാനും അംഗങ്ങൾക്കും, കമ്മിററിയുടെ അധികാരപ്രദേശത്തിനുള്ളിലുള്ള ഏതെങ്കിലും സംഗതിയെ സംബന്ധിച്ച്, സെക്രട്ടറിയോട് വിവരങ്ങൾ ആരായാൻ അവകാശമുണ്ടായിരിക്കുന്നതാണ്.''.

8. 49-ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്ററിന്റെ 49-ാം വകുപ്പ് (1)-ാം ഉപവകുപ്പിന്റെ (ഐ) ഖണ്ഡത്തിനുശേഷം താഴെ പറയുന്ന ഖണ്ഡം ചേർക്കേണ്ടതാണ്, അതായത്:—

"(ജെ) മുനിസിപ്പൽ ജീവനക്കാരുടെ മേൽ ചെയർ പേഴ്സന്റെ അറിവോടുകൂടി ശിക്ഷണ നടപടികൾ സ്വീകരിക്കുവാൻ അധികാരമുണ്ടായിരിക്കുന്നതും;''.

LIBRARY ARCHIVES Kerala Legislative Assembly

9. 50-ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്ററിന്റെ 50-ാം വകുപ്പിന്റെ (3)-ാം ഉപവകുപ്പിനുശേഷം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(4) ഈ ആക്ററുമൂലമോ അതിൻ കീഴിലോ സെക്രട്ടറിയിൽ നിക്ഷിപ്തമായിരിക്കുന്ന ചുമതലകൾ നിർവഹിക്കുന്നതിന്, 25,000 രൂപയിൽ കൂടാത്തതുകയ്ക്കുള്ള ചെലവുകൾ ചെയർ പേഴ്സനെ അറിയിച്ചുകൊണ്ട്, മുനിസിപ്പൽ ഫണ്ടിൽനിന്നും വഹിക്കുവാൻ സെക്രട്ടറിക്ക് അധികാരമുണ്ടായിരിക്കുന്നതാണ്.".

10. 53-ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്ററിന്റെ 53-ാം വകുപ്പിൽ (3)-ാം ഉപവകുപ്പിന്റെ ഖണ്ഡം (iii) വിട്ടുകളയേണ്ടതാണ്.

11. 54-ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്ററിന്റെ 54-ാം വകുപ്പിൽ,—

(എ) (2)-ാം ഉപവകുപ്പിൽ (എ) ഖണ്ഡത്തിൽ "ചേർന്ന്" എന്ന വാക്ക് വിട്ടുകളയേണ്ടതാണ്;

(ബി) (5)-ാം ഉപവകുപ്പിൽ "ഉൾപ്പെടുത്താൻ വ്യവസ്ഥ ചെയ്യാവുന്നതാണ്" എന്ന വാക്കുകൾക്കുപകരം "ക്ഷണിതാക്കളായി ഉൾപ്പെടുത്താൻ വ്യവസ്ഥ ചെയ്യാവുന്നതാണ്" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

12. 65-ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്ററിന്റെ 65-ാം വകുപ്പിൽ (1)-ാം ഉപവകുപ്പിനുശേഷം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"(1എ) (1)-ാം ഉപവകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും ഈ ആക്ററു പ്രകാരം ആദ്യമായി രൂപീകരിക്കുന്ന മുനിസിപ്പാലിററികളെ സംബന്ധിച്ച്, (1)-ാം ഉപവകുപ്പുപ്രകാരം നിയമിക്കപ്പെട്ടിട്ടുള്ള ഭരണ നിർവഹണ കമ്മിററിയുടേയോ സ്പെഷ്യൽ ഓഫീസറുടെയോ കാലാവധി അങ്ങിനെയുള്ള മുനിസിപ്പാലിററിയുടെ തിരഞ്ഞെടുക്കപ്പെടുന്ന കൗൺസിലർമാർ ഈ ആക്ററുപ്രകാരം സ്ഥാനമേൽക്കുന്നതുവരേയോ, 1995 സെപ്ററംബർ 30-ാം തീയതി അവസാനിക്കുന്നതുവരേയോ, അതിൽ ഏതാണോ ആദ്യം സംഭവിക്കുന്നത് അതുവരേക്ക്, സർക്കാരിന് ദീർഘിപ്പിക്കാവുന്നതാണ്.".

13. 86-ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്ററിന്റെ 86-ാം വകുപ്പ് (1)-ാം ഉപവകുപ്പിൽ,—

(എ) "ഏതെങ്കിലും ഓഹരിയോ ധനപരമായ താൽപ്പര്യമോ" എന്ന വാക്കുകൾക്ക് പകരം "അൻപത്തിഒന്നു ശതമാനത്തിൽ കുറയാതെ ഓഹരി" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(ബി) താഴെ പറയുന്ന വിശദീകരണം ചേർക്കേണ്ടതാണ്, അതായത്:—

"വിശദീകരണം.—ഈ വകുപ്പിന്റെ ആവശ്യത്തിലേയ്ക്കായി കമ്പനി എന്നാൽ, 1956-ലെ കമ്പനി ആക്ററ് (1956-ലെ 1-ാം കേന്ദ്ര ആക്ററ്) 617-ാം വകുപ്പിൽ നിർവ്വചിച്ച പ്രകാരമുള്ള ഒരു ഗവൺമെൻറ് കമ്പനി എന്നർത്ഥമാകുന്നതും 1969-ലെ കേരള സഹകരണ സംഘങ്ങൾ ആക്ററ് (1969-ലെ 21) പ്രകാരം രജിസ്ററർ ചെയ്തതോ രജിസ്ററർ ചെയ്തതായി കരുതുന്നതോ ആയ സഹകരണ സംഘവും ഉൾപ്പെടുന്നതുമാകുന്നു.".

LIBRARY ARCHIVES Kerala Legislative Assembly

14. 90-ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്റ്റിന്റെ 90-ാം വകുപ്പിന്റെ (1)-ാം ഉപവകുപ്പിന്റെ (ഇ) ഖണ്ഡത്തിൽ "162-ാം വകുപ്പ് (2)-ാം ഉപവകുപ്പ് (എ) ഖണ്ഡത്തിൻകീഴിലോ" എന്ന വാക്കുകൾക്കും അക്കങ്ങൾക്കും ബ്രാക്കററിനും പകരം "162-ാം വകുപ്പിൻ കീഴിലോ" എന്ന അക്കങ്ങളും വാക്കുകളും ചേർക്കേണ്ടതാണ്.

15. 91-ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്റ്റിന്റെ 91-ാം വകുപ്പിന്റെ (ഡി) ഖണ്ഡത്തിൽ "162-ാം വകുപ്പ് (2)-ാം ഉപവകുപ്പ് (ബി) ഖണ്ഡത്തിന്റേയോ" എന്ന വാക്കുകൾക്കും അക്കങ്ങൾക്കും ബ്രാക്കററിനും പകരം "162-ാം വകുപ്പിന്റെയോ" എന്ന അക്കങ്ങളും വാക്കുകളും ചേർക്കേണ്ടതാണ്.

16. 107-ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്റ്റിന്റെ 107-ാം വകുപ്പിന് താഴെപ്പറയുന്ന ക്ലിപ്ത നിബന്ധന ചേർക്കേണ്ടതാണ്, അതായത്:—

"എന്നാൽ, ഒരു മുനിസിപ്പാലിററിയിലെ ഒരു സ്ഥാനം നികത്തുന്നതിന്, സ്ഥാനാർത്ഥിയായി നാമനിർദ്ദേശം ചെയ്യപ്പെട്ടിട്ടുള്ള ഒരാളെ അതേ മുനിസിപ്പാലിററിയിലെ മററൊരു വാർഡിൽ സ്ഥാനാർത്ഥിയായി നാമനിർദ്ദേശം ചെയ്യുവാൻ പാടുള്ളതല്ല.".

17. 124-ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്റ്റിന്റെ 124-ാം വകുപ്പിന്റെരണ്ടാം ക്ലിപ്ത നിബന്ധനയിൽ "അർഹനായിരിക്കുന്നതല്ലാ" എന്ന വാക്കിനുപകരം "അനർഹനായിരിക്കുന്നതല്ല" എന്ന വാക്ക് ചേർക്കേണ്ടതാണ്.

18. 156-ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്റ്റിന്റെ 156-ാം വകുപ്പിൽ,—

(എ) മാർജിനൽ ശീർഷകത്തിൽ "മററ് അധികാര സ്ഥാനങ്ങളിലേയും" എന്ന വാക്കുകൾക്കുപകരം "മററ് അധികാര സ്ഥാനങ്ങളിലേയു, വിദ്യാഭ്യാസ സ്ഥാപനങ്ങളിലേയും" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(ബി) (1)-ാം ഉപവകുപ്പിൽ,—

(*i*) "വകുപ്പ് തലവൻമാരും" എന്ന വാക്കുകൾക്കു പകരം "വകുപ്പ് തലവൻമാരും എയിഡഡ് സ്കൂൾ ഹെഡ്മാസ്റ്റർമാരും പ്രൈവററ് അഫിലിയേററഡ് കോളേജ് പ്രിൻസിപ്പൽമാരും" എന്ന വാക്കുകളും;

(*ii*) "അങ്ങനെയുള്ള ആഫീസിലെ ഉദ്യോഗസ്ഥൻമാരുടേയോ സ്ററാഫിന്റെയോ" എന്ന വാക്കുകൾക്കുപകരം "അങ്ങനെയുള്ള ആഫീസിലേയോ വിദ്യാഭ്യാസ സ്ഥാപനത്തിലേയോ ഉദ്യോഗസ്ഥൻമാരുടേയും സ്ററാഫിന്റേയും" എന്ന വാക്കുകളും;

ചേർക്കേണ്ടതാണ്.

19. 202-ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്റ്റിന്റെ 202-ാം വകുപ്പിൽ "അല്ലെങ്കിൽ മററ് അധികാര സ്ഥാനങ്ങളും" എന്ന വാക്കുകൾക്കു പകരം "മററ് അധികാര സ്ഥാനവും എയിഡഡ് സ്ക്കൂളും പ്രൈവററ് അഫിലിയേററഡ് കോളേജ് ഉൾപ്പെടെയുള്ള ഏതൊരു വിദ്യാഭ്യാസ സ്ഥാപനവും" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

LIBRARY ARCHIVES Kerala Legislative Assembly

20. 208-ാം വകുപ്പിനുശേഷം പുതിയ വകുപ്പ്.—പ്രധാന ആക്റ്റിന്റെ 208-ാം വകുപ്പിനുശേഷം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

"208 എ. മുനിസിപ്പാലിറ്റികളെ ജലമാർഗ്ഗങ്ങൾ, നീരുറവകൾ, ജലസംഭരണികൾ മുതലായവ ഏൽപ്പിക്കൽ.—(1) 1957-ലെ കേരള ഭൂസംരക്ഷണ ആക്റ്റിലോ (1958-ലെ 8), തൽസമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിലോ എന്തുതന്നെ അടങ്ങിയിരുന്നാലും, ഈ ആക്റ്റ് പ്രാബല്യത്തിൽ വരുന്ന സമയത്ത് നിലവിലുള്ളതോ അതിനുശേഷം ഉണ്ടാക്കുകയോ ഏർപ്പെടുത്തുകയോ പണിയുകയോ ചെയ്തിട്ടുള്ളതോ ആയ, അവ മുനിസിപ്പാലിറ്റിയുടെ ചെലവിൽ ഉണ്ടാക്കുകയോ, പണിയുകയോ ചെയ്തിട്ടുള്ളവ ആയിരുന്നാലും അല്ലെങ്കിലും പൊതുജനങ്ങളുടെ ഉപയോഗത്തിന് ഒരു ചിരാനുഭവ അവകാശം നല്കത്തക്ക വിധത്തിൽ പൊതുജനങ്ങൾ ഉപയോഗിച്ചുകൊണ്ടിരുന്നവ ഉൾപ്പെടെയുള്ള എല്ലാ പൊതുജലമാർഗ്ഗങ്ങളും (മുനിസിപ്പൽ പ്രദേശത്തും മററ് പ്രദേശങ്ങളിലും കൂടി ഒഴുകുന്നതും സർക്കാർ ഗസററ് വിജ്ഞാപനം വഴി വിനിർദ്ദേശിക്കാവുന്നതുമായ നദികളൊഴികെയുള്ളത്) നദികളുടെ തടങ്ങളും, തീരങ്ങളും, ചെറുപുഴകളും, ജലസേചനത്തിനും ഡ്രെയിനേജിനുമുള്ള ചാലുകളും, തോടുകളും, തടാകങ്ങളും, കായലുകളും, ജലമാർഗ്ഗങ്ങളും, കെട്ടിനിൽക്കുന്നതും ഒഴുകിപ്പോകുന്നതുമായ എല്ലാ ജലവും, നീരുറവകളും, ജലസംഭരണികളും, കുളങ്ങളും, നീർത്തടങ്ങളും, ജലധാരകളും, കിണറുകളും, കാപ്പുകളും, ചാലുകളും, സ്റ്റാൻഡ് പൈപ്പുകളും മററ് ജലസംഭരണികളും അവയോട് ചേർന്നുകിടക്കുന്ന സ്വകാര്യ വസ്തുവല്ലാത്ത തൊട്ടടുത്തുള്ള ഏതെങ്കിലും ഭൂമിയും, മുനിസിപ്പാലിറ്റിയിലേക്ക് കൈമാററം ചെയ്ത് പരിപൂർണ്ണമായും അതിൽ നിക്ഷിപ്തമായിരിക്കുന്നതുമാണ്:

എന്നാൽ ഈ ഉപവകുപ്പിൽ അടങ്ങിയിട്ടുള്ള യാതൊന്നുംതന്നെ ഒരു ജലസേചന പണിയേയോ, അതോടനുബന്ധപ്പെട്ട ഏതെങ്കിലും പണിയേയോ, അത്തരം പണിയോട് ചേർന്നുള്ളതും തൊട്ടടുത്തുള്ളതുമായ ഏതെങ്കിലും ഭൂമിയേയോ, ബാധിക്കുന്നതല്ല.

(2) ഈ ആക്ടിലെ വ്യവസ്ഥകൾക്ക് വിധേയമായി, ജലമാർഗ്ഗങ്ങളേയും ഉറവകളേയും ജലസംഭരണികളേയും കുളങ്ങളേയും നീർത്തടങ്ങളേയും ജലധാരകളേയും കിണറുകളേയും കാപ്പുകളേയും ചാലുകളേയും സ്റ്റാൻഡ് പൈപ്പുകളേയും മററ് ജലസംബന്ധമായ പണികളേയും സംബന്ധിച്ച സർക്കാരിന്റെ എല്ലാ അവകാശങ്ങളും ബാദ്ധ്യതകളും (1)-ാം ഉപവകുപ്പ് പ്രകാരം മുനിസിപ്പാലിറ്റിയിൽ നിക്ഷിപ്തമായിരിക്കുന്നതും, അപ്രകാരം നിക്ഷിപ്തമാകുന്ന തീയതിമുതൽക്ക് അവ മുനിസിപ്പാലിറ്റിയുടെ അവകാശങ്ങളും ബാദ്ധ്യതകളും ആയിത്തീരുന്നതുമാണ്.

(3) (1)-ാം ഉപവകുപ്പിലും (2)-ാം ഉപവകുപ്പിലും എന്തുതന്നെ അടങ്ങിയിരുന്നാലും, ഗസററ് വിജ്ഞാപനംവഴി സർക്കാരിന്, മുനിസിപ്പാലിറ്റിയുമായി ആലോചിച്ചശേഷവും, അതിന് ആക്ഷേപങ്ങൾ വല്ലതുമുണ്ടെങ്കിൽ അവയ്ക്ക് അർഹമായ പരിഗണന നല്കിയശേഷവും, ഏതൊരു പൊതുജല സ്രോതസ്സിന്റേയും അതിനു തൊട്ടുള്ളതും അതോടു ചേർന്നുള്ളതുമായ പൊതു ഭൂമിയുടേയും ഭരണം ഏറെറടുക്കാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(4) ഈ ആക്ടിൻകീഴിൽ മുനിസിപ്പാലിററിക്ക് കൈമാറുകയോ അഥവാ അതിൽ നിക്ഷിപ്തമാക്കുകയോ ചെയ്തിട്ടുള്ള പുറമ്പോക്കോ അല്ലാത്തതോ ആയ ഏതെങ്കിലും ഭൂമിയിൽനിന്ന് ഏതെങ്കിലും ആരം, ഇതിലേക്കായി മുനിസിപ്പാലിററി നല്കിയിട്ടുള്ള ഒരു പെർമിററ് പ്രകാരവും, അതിന്റെ നിബന്ധനകൾക്കും വ്യവസ്ഥകൾക്കും അനുസൃതമായും, മുനിസിപ്പാലിററി നിശ്ചയിച്ച പ്രകാരമുള്ള നിരക്കിൽ ഫീസോ നഷ്ടപരിഹാരമോ നല്കിക്കൊണ്ടും അല്ലാതെ, സ്വയം ഏതെങ്കിലും വൃക്ഷമോ, മണ്ണോ, മണലോ, ലോഹമോ, വെട്ടുകല്ലോ, കക്കയോ അഥവാ മുനിസിപ്പാലിററി വിജ്ഞാപനം ചെയ്തേക്കാവുന്ന മൂല്യമുള്ള മററു വസ്തുക്കളോ നീക്കംചെയ്യുകയോ, തനിക്കായി കൈവശപ്പെടുത്തുകയോ, ചെയ്യുന്നത് നിയമവിരുദ്ധമായിരിക്കുന്നതാണ്.''

21. 215-ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്ററിന്റെ 215-ാം വകുപ്പിൽ (2)-ാം ഉപവകുപ്പിന്റെ (ബി) ഖണ്ഡം വിട്ടുകളയേണ്ടതാണ്.

22. 224-ാം വകുപ്പിനു പകരം പുതിയ വകുപ്പ്.—പ്രധാന ആക്ററിന്റെ 224-ാം വകുപ്പിനു പകരം താഴെപ്പറയുന്ന വകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

''224. നിയമനാധികാരികൾ.—(1) മുനിസിപ്പൽ സർവ്വീസിലെ കണ്ടിജൻറ് തസ്തികകളെ സംബന്ധിച്ച് നിയമനാധികാരി കൗൺസിൽ ആയിരിക്കുന്നതും കൗൺസിലിന്റെ അംഗീകാരത്തോടെ സെക്രട്ടറി അവർക്ക് നിയമന ഉത്തരവ് നൽകേണ്ടതാണ്.

(2) മുനിസിപ്പൽ പൊതുസർവ്വീസിൽ ഉൾപ്പെടുത്തിയിട്ടുള്ളതോ അല്ലാത്തതോ ആയ മററ് തസ്തികകളെ സംബന്ധിച്ച് നിയമനാധികാരി സർക്കാരോ അവർ ഇതിലേക്കായി അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനോ ആയിരിക്കുന്നതാണ്.''.

23. 225-ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്ററിന്റെ 225-ാം വകുപ്പിൽ, (3)-ാം ഉപവകുപ്പിൽ ''അസിസ്ററൻറ് സെക്രട്ടറി'' എന്ന വാക്കുകൾക്കുപകരം ''ഡെപ്യൂട്ടി സെക്രട്ടറി'' എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

24. 233-ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്ററിന്റെ 233-ാം വകുപ്പ് (3)-ാം ഉപവകുപ്പിനുശേഷം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്:—

''(4) മുനിസിപ്പാലിററിയുടെ കൗൺസിൽ, കാർഷിക ആവശ്യത്തിനുമാത്രമായി ഉപയോഗിക്കുന്നതും ഒരു ഹെക്ടറിൽ കൂടുതൽ ഉള്ളതുമായ ഭൂമിയുടെ സംഗതിയിൽ, അതിൽ ഒരു ഹെക്ടർ ഒഴികെയുള്ള ഭൂമിയുടെ വാർഷിക മൂല്യത്തിന്റെ, അതിന് നിശ്ചയിക്കാവുന്ന പ്രകാരമുള്ള ശതമാനത്തിൽ, ഈ നികുതികൾ ഈടാക്കേണ്ടതാണ്;

എന്നാൽ, ആ ശതമാനം, സർക്കാർ എന്തെങ്കിലും നിശ്ചയിച്ചിട്ടുണ്ടെങ്കിൽ, അതിന്റെ പരമാവധി കവിയാൻ പാടില്ലാത്തതാണ്.

വിശദീകരണം.—ഈ ഉപവകുപ്പിന്റെ ആവശ്യത്തിലേക്കായി, ഭൂമിയുടെ വാർഷികമൂല്യം, അവ വർഷാവർഷങ്ങളിൽ പാട്ടത്തിനുകൊടുത്താൽ എത്രയാണോ മൊത്തവാർഷിക വാടകയായി ന്യായമായും പ്രതീക്ഷിക്കപ്പെടുന്നത്, അതായി കരുതേണ്ടതാണ്.''.

LIBRARY ARCHIVES Kerala Legislative Assembly

25. <u>270-ാം വകുപ്പിനുള്ള ഭേദഗതി.</u>—പ്രധാന ആക്റ്റിന്റെ 270-ാം വകുപ്പിൽ (1)-ാം ഉപവകുപ്പിന്റെ പട്ടികയിൽ (v)-ാം ഇനത്തിനു പകരം താഴെപ്പറയുന്ന ഇനം ചേർക്കേണ്ടതാണ്, അതായത്:—

| | |
|---|---|
| "(*v*) (എ) സ്ഥാവര വസ്തുവിന്റെ ഒരു കൊല്ലത്തിൽ കുറഞ്ഞ പാട്ടച്ചാർത്ത് | ആ പാട്ടച്ചാർത്ത് പ്രകാരം അടയ്ക്കുകയോ കൊടുക്കുകയോ ചെയ്യേണ്ടുന്ന ഒട്ടാകെ സംഖ്യയ്ക്ക് (1959-ലെ കേരള മുദ്രപ്പത്ര ആക്റ്റിന്റെ പട്ടികയിലെ 14-ാം ക്രമനമ്പർ) കപ്പൽ പണയാധാരത്തിനുള്ള മുദ്രവിലതന്നെ. |
| (ബി) സ്ഥാവര വസ്തുവിന്റെ ഒരു കൊല്ലത്തിൽ കുറയാതെയും അഞ്ചുകൊല്ലത്തിൽ കവിയാതെയുമുള്ള പാട്ടച്ചാർത്ത് | നിശ്ചയിച്ച ശരാശരി ഒരു കൊല്ലത്തെ പാട്ടത്തിന്റെ സംഖ്യയ്ക്കോ, വിലയ്ക്കോ ഉള്ള (1959-ലെ കേരള മുദ്രപ്പത്ര ആക്റ്റിന്റെ പട്ടികയിലെ 14-ാം ക്രമനമ്പർ) കപ്പൽ പണയാധാരത്തിനുള്ള മുദ്രവില തന്നെ. |
| (സി) സ്ഥാവര വസ്തുവിന്റെ അഞ്ചു കൊല്ലത്തിൽ കവിഞ്ഞും എന്നാൽ പത്തു കൊല്ലത്തിൽ കവിയാതെയുമുള്ള പാട്ടച്ചാർത്ത് | നിശ്ചയിച്ച ശരാശരി ഒരു കൊല്ലത്തെ പാട്ട സംഖ്യയ്ക്കോ തുല്യമായ ഒരു പ്രതിഫലത്തിനായുള്ള (1959-ലെ കേരള മുദ്രപ്പത്ര ആക്റ്റിന്റെ പട്ടികയിലെ, അതതു സംഗതിപോലെ, ക്രമനമ്പർ 21 അല്ലെങ്കിൽ 22) തീറാധാരത്തിനുള്ള മുദ്ര, വില തന്നെ. |
| (ഡി) സ്ഥാവര വസ്തുവിന്റെ പത്തു കൊല്ലത്തിൽ കവിഞ്ഞും എന്നാൽ ശാശ്വതമായിട്ടല്ലാത്തതുമായ പാട്ടച്ചാർത്ത് | പാട്ടച്ചാർത്ത് വളരെക്കാലം നിലനിൽക്കുന്നതാണെങ്കി ആദ്യത്തെ പത്തുകൊല്ലത്തേക്ക് അടയ്ക്കുകയോ കൊടുക്കുകയോ ചെയ്യുന്ന ശരാശരി ഒരു കൊല്ലത്തെ പാട്ട സംഖ്യയുടെയോ വിലയുടെയോ മൂന്നിരട്ടിക്ക് തുല്യമായ ഒരു പ്രതിഫലത്തിനായുള്ള (1959-ലെ കേരള മുദ്രപ്പത്ര ആക്റ്റിന്റെ പട്ടികയിലെ, അതതുസംഗതിപോലെ, ക്രമനമ്പർ 21 അല്ലെങ്കിൽ 22) തീറാധാരത്തിനുള്ള മുദ്ര വിലതന്നെ. |
| (ഇ) സ്ഥാവര വസ്തുവിന്റെ ശാശ്വതമായ പാട്ടച്ചാർത്ത് | കരണത്തിൽ കാണിച്ചിട്ടുള്ളതു പോലെ ചാർത്തിന്റെ ആദ്യത്തെ അൻപതുകൊല്ലം അടയ്ക്കുകയോ കൊടുക്കുകയോ ചെയ്യുന്ന ഒട്ടാകെ പാട്ടത്തിന്റെ ആറിൽ ഒന്നിന്റെ തുല്യമായ ഒരുതുക". |

LIBRARY ARCHIVES Kerala Legislative Assembly

26. 286-ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്ടറിന്റെ 286-ാം വകുപ്പിൽ (2)-ാം ഉപവകുപ്പിൽ (ബി) ഖണ്ഡത്തിൽ "പത്തു ശതമാനത്തിൽ" എന്ന വാക്കുകൾക്കുപകരം "അഞ്ചുശതമാനത്തിൽ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

27. 312-ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്ടറിന്റെ 312-ാം വകുപ്പിൽ "അങ്ങനെയുള്ള തീയതി മുതൽ മൂന്നു മാസക്കാലയള വിനുള്ളിൽ" എന്ന വാക്കുകൾക്കുപകരം "നിർണ്ണയിക്കപ്പെട്ട കാലയള വിനുള്ളിൽ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

28. 340-ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്ടറിലെ 340-ാം വകുപ്പ്, പ്രസ്തുത വകുപ്പിന്റെ (1)-ാം ഉപവകുപ്പായി നമ്പരിടേണ്ടതും, അപ്രകാരം നമ്പരിട്ട (1)-ാം ഉപവകുപ്പിനുശേഷം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതുമാണ്, അതായത്:—

"(2) ഈ ആക്ടറിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ചവറോ മാലിന്യമോ, അവശിഷ്ടങ്ങളോ ഇടുന്നതിനുവേണ്ടി ഉദ്ദേശിക്കപ്പെടാത്ത ഒരു പൊതുസ്ഥലത്ത് ആരെങ്കിലും അവ ഇടുകയോ, ഇടുവിക്കുകയോ ചെയ്യുന്നതായി, സെക്രട്ടറിക്കോ, അദ്ദേഹം ഇതിലേക്കായി പ്രത്യേകം അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനോ ബോദ്ധ്യപ്പെടുന്നപക്ഷം, അപ്രകാരം ചവറോ മാലിന്യമോ അവശിഷ്ടങ്ങളോ ഇടുകയോ ഇടുവി ക്കുകയോ ചെയ്യുന്ന ആൾക്കെതിരെ തൽസമയം തന്നെ ഇരുനൂററി അൻപത് രൂപയിൽ കവിയാത്ത തുക പിഴശിക്ഷയായി ചുമത്തേണ്ടതും, അപ്രകാരം ചുമത്തിയ പിഴത്തുക പതിനഞ്ചു ദിവസത്തിനകം മുനിസിപ്പൽ ഫണ്ടിൽ അടയ്ക്കേണ്ടതും, അപ്രകാരം അടയ്ക്കാത്തപക്ഷം അയാളുടെ മേൽ സെക്രട്ടറി പ്രോസിക്യൂഷൻ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.".

29. 407-ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്ടറിന്റെ 407-ാം വകുപ്പിന്റെ,—

(എ) (1)-ാം ഉപവകുപ്പിന്റെ ക്ലിപ്തനിബന്ധനയിൽ "ആറു മാസത്തിനുള്ളിൽ" എന്ന വാക്കുകൾക്കു പകരം "പതിനെട്ടു മാസത്തി നുള്ളിൽ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്;

(ബി) (2)-ാം ഉപവകുപ്പിന്റെ രണ്ടാമത്തെ ക്ലിപ്തനിബന്ധനയിൽ "രാജിയാക്കൽ ഫീസ് മൊത്തമായോ ഭാഗികമായോ" എന്ന വാക്കുകൾക്കു പകരം "ഈ വകുപ്പുപ്രകാരം ഈടാക്കുന്ന രാജിയാക്കൽ ഫീസിനു തുല്യമായ തുക മൊത്തമായോ ഭാഗികമായോ പിഴയായി" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

30. 410-ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്ടറിന്റെ 410-ാം വകുപ്പിന്റെ,—

(എ) രണ്ടാം ക്ലിപ്തനിബന്ധനയിൽ, "ഈ ആക്ടറിന്റെ ആരംഭത്തിൽ നിലനിൽക്കുന്ന ഏതെങ്കിലും കെട്ടിടത്തോട് എന്തെങ്കിലും കൂട്ടിച്ചേർക്കുകയോ അതിന്റെ വിസ്തൃതി വർദ്ധിപ്പിക്കുകയോ ചെയ്യുന്നതിനോ അപ്രകാരമുള്ള" എന്ന വാക്കുകൾ വിട്ടുകളയേണ്ട താണ്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) രണ്ടാം ക്ലിപ്തം നിബന്ധനയുടെ അവസാനം താഴെ പറയുന്ന വാക്കുകൾകൂടി ചേർക്കേണ്ടതാണ്, അതായത്:—

''എന്നാൽ, ഈ ആക്ററിന്റെ ആരംഭത്തിൽ നിലനിൽക്കുന്ന ഏതെങ്കിലും കെട്ടിടത്തിന്റെ സംഗതിയിൽ, അങ്ങനെയുള്ള കെട്ടിടത്തിന്റെ മുകളിൽ ഒന്നാം നിലയോ രണ്ടാം നിലയോ രണ്ടും കൂടിയോ നിർമ്മിക്കുന്നതിന് മുൻപറഞ്ഞ മൂന്നുമീററർ ഭൂപരിധിയിൽ നിന്ന് ആവശ്യമായ ഇളവ് സർക്കാരിന് നൽകാവുന്നതാണ്.'';

(സി) മൂന്നാം ക്ലിപ്തം നിബന്ധന വിട്ടുകളയേണ്ടതാണ്.

31. 507-ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്ററിന്റെ 507-ാം വകുപ്പ് (1)-ാം ഉപവകുപ്പിന്റെ ക്ലിപ്തം നിബന്ധനയിൽ, ''അങ്ങനെയുള്ള തീയതി മുതൽ മൂന്നു മാസക്കാലയളവിനുള്ളിൽ'' എന്ന വാക്കുകൾക്ക് പകരം ''നിർണ്ണയിക്കപ്പെട്ട കാലയളവിനുള്ളിൽ'' എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

32. 538-ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്ററിന്റെ 538-ാം വകുപ്പ് (2)-ാം ഉപവകുപ്പിൽ ''അതു നൽകേണ്ടതായ തീയതിയിൽ നൽകാത്ത പക്ഷം'' എന്ന വാക്കുകൾക്കു പകരം ''അതു നൽകേണ്ടതായ തീയതിയിൽ നൽകാത്തപക്ഷം അങ്ങനെയുള്ള തുക അൻപതിനായിരം രൂപയിൽ കൂടുതലാണെങ്കിൽ'' എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

33. ഒന്നാം പട്ടികയ്ക്കുള്ള ഭേദഗതി.—പ്രധാന ആക്ററിന്റെ ഒന്നാം പട്ടികയിൽ, ''6. പൊതുജനാരോഗ്യം'' എന്ന ശീർഷകത്തിൽ, (എ) ഇനത്തിൽ ''നഗര പ്രദേശങ്ങളിൽ'' എന്ന വാക്കുകൾക്കുപകരം ''താലൂക്ക് ആശുപത്രികളുടേയും'' എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

34. സാധുവൽക്കരണം.—പ്രധാന ആക്ററിലോ തൽസമയം പ്രാബല്യത്തിലുള്ള മറേറതെങ്കിലും നിയമത്തിലോ എന്തുതന്നെ അടങ്ങിയിരുന്നാലും, പ്രധാന ആക്ററിലെ 575-ാം വകുപ്പ് (2)-ാം ഉപവകുപ്പ് (xiv)-ാം ഖണ്ഡത്തിൽ പരാമർശിക്കുന്ന മുനിസിപ്പൽ കൗൺസിലുകളെ സംബന്ധിച്ച് 1995 ജനുവരി 11-ന് മുൻപ് പ്രധാന ആക്ററിലെ 65-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം നിയമിക്കപ്പെട്ടിട്ടുള്ള ഭരണ നിർവ്വഹണ കമ്മററിയുടേയോ സ്പെഷ്യൽ ഓഫീസറുടേയോ കാലാവധി ഈ ആക്ററുമൂലം ഭേദഗതി ചെയ്ത പ്രകാരമുള്ള 65-ാം വകുപ്പിലെ വ്യവസ്ഥകൾ പ്രകാരം ദീർഘിപ്പിക്കപ്പെട്ടതായി കരുതേണ്ടതാണ്.

35. റദ്ദാക്കലും ഒഴിവാക്കലും.—(1) ഈ ആക്ററിന്റെ പ്രാരംഭത്തിലും അതുമുതൽക്കും 1995-ലെ കേരള മുനിസിപ്പാലിററി (ഭേദഗതി) ഓർഡിനൻസ് (1995-ലെ 9) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽ തന്നെയും, പ്രസ്തുത ഓർഡിനൻസ് പ്രകാരം ചെയ്തതായി കരുതപ്പെടുന്ന ഏതെങ്കിലും കാര്യമോ, എടുത്തതായി കരുതപ്പെടുന്ന ഏതെങ്കിലും നടപടിയോ അല്ലെങ്കിൽ പ്രസ്തുത ഓർഡിനൻസിനാൽ ഭേദഗതി ചെയ്ത പ്രകാരമുള്ള പ്രധാന ആക്ററ് പ്രകാരം ചെയ്ത ഏതെങ്കിലും കാര്യമോ, എടുത്ത ഏതെങ്കിലും നടപടിയോ, അതതു സംഗതിപോലെ, ഈ ആക്ററ് പ്രകാരമോ ഈ ആക്ററിനാൽ ഭേദഗതി ചെയ്തപ്രകാരമുള്ള പ്രധാന ആക്ററ് പ്രകാരമോ ചെയ്തതോ എടുത്തതോ ആയി കരുതപ്പെടേണ്ടതാണ്.

LIBRARY ARCHIVES Kerala Legislative Assembly